പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2116 07.03.2017-ൽ മറുപടിക്ക്

## എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും കിഫ്ബി വഴി നടപ്പിലാക്കുവാൻ സമർപ്പിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) & (ബി) | എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിഫ്ബി (KIIFB) പദ്ധതി പ്രകാരം കാത്ത് ലാബ് സ്ഥാപിക്കുന്നതിനും കൊറോണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാത്ത് ലാബ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി കമ്പനിയെ കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൊറോണറി കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മേൽനോട്ടം വഹിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | നടപ്പു സാമ്പത്തിക വർഷം എറണാകുളം മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ 4210-03-105-42 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 4.5 കോടി രൂപ ഉപയോഗിച്ച് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കുന്നതിനു വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും പി.ജി. ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 1.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>KIIFB യുടെ ധനസഹായത്തോടെ എറണാകുളം മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | പദ്ധതികൾ | തുക (in Rs.) |
|---|---|---|
| 1 | പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങൽ | 2,41,73,32,210 |
| 2 | സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം | 78,84,12,804 |
| 3 | പി.ജി. ക്വാർട്ടേഴ്സ് നിർമ്മാണം | 29,56,16,128 |
| 4 | കോമൺ അമനിറ്റീസ് സെന്റർ നിർമ്മാണം | 12,23,00,000 |
| 5 | ഇൻഡോർ സ്റ്റേഡിയം, ഓഡിറ്റോറിയം, ജിംനേഷ്യം എന്നിവയുടെ നിർമ്മാണം | Rs. 6,38,00,000 |

<table>
<tr><td></td><td></td><td></td><td>സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാക്കാനായി നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റെല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>സി)</td><td>പ്രസ്തുത മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാം ;</td><td>സി)</td><td>പ്രസ്തുത മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>സ്ഥിരം ജീവനക്കാർക്കുവേണ്ടി സൃഷ്ടിച്ച തസ്തികകൾ</td><td>380</td></tr>
<tr><td>കരാർ ദിവസ വേതന ജീവനക്കാർക്കുവേണ്ടി സൃഷ്ടിച്ച തസ്തികകൾ</td><td>315</td></tr>
</table></td></tr>
<tr><td>ഡി)</td><td>ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;</td><td>(ഡി)</td><td>ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ
<table>
<tr><th>ടീച്ചിംഗ് സ്റ്റാഫ്</th><th>നോൺ ടീച്ചിംഗ് സ്റ്റാഫ്</th></tr>
<tr><td>അസോസിയേറ്റ് പ്രൊഫസർ<br>അസിസ്റ്റന്റ് പ്രൊഫസർ<br>സീനിയർ റസിഡന്റ്<br>ലക്ചറർ / ജൂനിയർ റസിഡന്റ്</td><td>സ്റ്റാഫ് നഴ്സ്<br>ടെലഫോൺ ഓപ്പറേറ്റർ<br>മെഡിക്കൽ സോഷ്യൽ വർക്കർ<br>ഡയറ്റീഷ്യൻ<br>നഴ്സിംഗ് അസിസ്റ്റന്റ്<br>ലാബ് ടെക്നീഷ്യൻ<br>റേഡിയോഗ്രാഫർ</td></tr>
</table></td></tr>
<tr><td>ഇ)</td><td>മെഡിക്കൽ കോളേജിന്റെ സുഗമമായ നടത്തിപ്പിനായി സൃഷ്ടിക്കപ്പെടേണ്ട തസ്തികകൾ ഏതെല്ലാമെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;</td><td>ഇ)</td><td>ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം നിലനിർത്തുന്നതിനും എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുമായി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ടി തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു.</td></tr>
<tr><td>എഫ്)</td><td>മെഡിക്കൽ കോളേജിലേക്ക് വരുന്നതിനും പോകുന്നതിനും നേരിടുന്ന യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?</td><td>എഫ്)</td><td>ഇക്കാര്യം പരിശോധിക്കുന്നതാണ്</td></tr>
</table>

സെക്ഷൻ ഓഫീസർ